(ബി) അറിയിപ്പു നൽകിയിട്ടും ഹാജരാകുകയോ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള തുകയൊഴികെ ബാക്കിയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം ലഭിക്കുന്നതിനായി ശ്രീമതി ജൂലിയറ്റ് ജോൺസൺ, അമ്പലപ്പുഴ നൽകിയ അപേക്ഷ

92 (3723) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട മരണത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ സഹായനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീമതി ജൂലിയറ്റ് ജോൺസൺ, വലിയവീട്ടിൽ, വാർഡ് നമ്പർ 16, പുന്നപ്ര വടക്ക്, അമ്പലപ്പുഴ എന്നവർ നൽകിയ അപേക്ഷയിന്മേൽ ധനസഹായം നൽകി ഉത്തരവായിരുന്നുവോ ;

(ബി) 14-3-2014 ലെ 15432/ഡി.ആർ.എഫ്/സി എം/14 നമ്പരായി റവന്യൂ വകുപ്പിന് കൈമാറിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അപേക്ഷകക്ക് നാളിതുവരെ ധനസഹായം ലഭ്യമാകാത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 11-12-2014-ലെ സ.ഉ.(സാധാ) നമ്പർ 6256/14/റവ. തീയതി പ്രകാരം ആലപ്പുഴ, അമ്പലപ്പുഴ, പുന്നപ്ര വടക്ക്, വാർഡ് നമ്പർ 16 വലിയ വീട്ടിൽ ജൂലിയറ്റ് ജോൺസണ് മകളുടെ അപകടമരണത്തിന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

93 (3724) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങൾ ഇനിയും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഹനാപകടത്തിൽ പരിക്കുപറ്റി ഗുരുതരമായി ചികിത്സ തുടരുന്ന ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി താഴപ്ര യത്തീംഖാന ക്വാർട്ടേഴ്സിൽ ശ്രീവിദ്യ, ശ്രീദേവി സഹോദരിമാർക്ക് 2013-ലെ ജനസമ്പർക്ക പരിപാടിയിലൂടെ 25000 രൂപ ധനസഹായവും 2500 രൂപ വീതം പ്രതിമാസ പെൻഷനും ഭൂമിയും വീടും അനുവദിച്ചത് ശ്രദ്ധയിലുണ്ടോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്കപരിപാടികളിലൂടെ ലഭ്യമായിട്ടുള്ള ഭൂരിഭാഗം പരാതികളിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള വിഷയങ്ങളിൽ നടപടി ത്വരിതപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ശ്രീവിദ്യക്കും ശ്രീദേവിക്കും മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായമായി 25.000 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ചികിത്സാ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മൂന്നുലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതുമാണ്. പാലക്കാട് ജില്ലക്കാരായ ഇവർ തൃശ്ശൂർ ജില്ലയിൽ താമസമായിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. അതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സംവിധാനം

94 (3725) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേതു പോലെ ഒരു സ്ഥിരം സംവിധാനം വേണമെന്ന് നിയമസഭയുടെ അഡ്ഹോക് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ, എന്തുകൊണ്ട് പ്രസ്തുത ശിപാർശ നടപ്പിലാക്കിയില്ലെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly